പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.632 25.05.2017 ൽ മറുപടിയ്ക്ക്

## കേരള കായിക ക്ഷമതാ മിഷൻ

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

ശ്രീ.കെ.എം.ഷാജി

ശ്രീ.സി.മമ്മൂട്ടി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടാൻ കേരള കായിക ക്ഷമതാ മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) & ബി) | ഉദ്ദേശിക്കുന്നുണ്ട്. സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിനായി കേരള കായിക ക്ഷമതാ മിഷൻ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കേരളത്തിലെ നഴ്സറി തലം മുതൽ സീനിയർ സിറ്റിസൻ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും ആരോഗ്യവും കൈവരിയ്ക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് തലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ മേഖലകളുടെയും പങ്കാളിത്തവും ഉറപ്പ് വരുത്തിക്കൊണ്ടുള്ള രൂപരേഖ ടി പദ്ധതിയിൻ കീഴിൽ തയ്യാറാക്കി വരുന്നു. |
| ബി) | എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ; | | |
| സി) | വിദ്യാർത്ഥികൾക്കിടയിൽ കായിക ക്ഷമതാ മിഷന് എത്രത്തോളം പ്രവർത്തന സ്വാതന്ത്ര്യമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | നഴ്സറി തലം മുതൽ ഏഴാം ക്ലാസ്സ് വരെയും, 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയും , കോളേജ് തലത്തിലും പ്രത്യേക വിഭാഗങ്ങളായി തരം തിരിച്ച് കായിക ക്ഷമത വർദ്ധിപ്പിയ്ക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും, ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തെ കുറിച്ചുള്ള പൊതു ബോധവും, ജീവിതചര്യകളും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായുള്ള രൂപരേഖയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കാനാവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം മിഷനു നൽകും |

സെക്ഷൻ ഓഫീസർ